5. 11-ാം ധനകാര്യ കമ്മീഷന്റെ പരിപാടിയിലുള്ളതും പണികൾ നടന്നുവരുന്നതുമായ 12 പദ്ധതികൾ.

6. പി.എം.ജി.വൈ. 279 പദ്ധതികൾ.

7. 90% കേന്ദ്ര സഹായവും 10% ഉപഭോക്തൃ വിഹിതവും ഉള്ള 327 'വർഷാ' യൂണിറ്റുകൾ.

8. എൽ.ഐ.സി./ഹഡ്കോ എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന 124 ശുദ്ധജല പദ്ധതികൾ.

9. ടെക്നോളജി മിഷന്റെ കീഴിൽ നടപ്പിലാക്കി വരുന്ന 10 ശുദ്ധജല വിതരണ പദ്ധതികൾ.

10. 90% കേന്ദ്ര സഹായവും 10% ഉപഭോക്തൃ വിഹിതവും ഉള്ള 202 'സ്വജൽധാര' പദ്ധതികൾ.

11. ജെ.ബി.ഐ.സി. സഹായത്തോടെയുള്ള 5 വൻകിട പദ്ധതികൾ.

12. നബാർഡിന്റെ സഹായത്തോടെ 8 പുതിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇവയ്ക്ക് പുറമെ ജലനിധി പദ്ധതി സെക്ടർ റിഫോംസ് പദ്ധതി, സ്വജല ധാരാ പദ്ധതി, പഞ്ചായത്തുകൾ നടപ്പാക്കുന്ന പദ്ധതികൾ എന്നിവ മുഖേന കുടിവെള്ളമെത്തിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

പവർ പർച്ചേസ് എഗ്രിമെന്റ്

*30[360]ശ്രീ. സി. പി. മുഹമ്മദ്:

,, വി. ബാലറാം:

,, ടി. വി. ചന്ദ്രമോഹൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര താപവൈദ്യുത നിലയങ്ങളുണ്ട്; അവ ഏതെല്ലാം;

(ബി) അവയുമായുണ്ടാക്കിയ പവർ പർച്ചേസ് എഗ്രിമെന്റ് അനുസരിച്ച് ഓരോ വർഷവും എത്ര വൈദ്യുതി വീതം ഇവരിൽ നിന്ന് വാങ്ങണമെന്നും വാങ്ങാത്തപക്ഷം കൊടുക്കേണ്ട ഫിക്സഡ് കോസ്റ്റ് എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

2/198/2013—9a.

LIBRARY ARCHIVES Kerala Legislative Assembly

(സി) എൻ. റ്റി. പി. സി.-യുടെ താപവൈദ്യുതി നിലയത്തിന് വൈദ്യുതി വില കൂടാതെ ഫിക്സഡ് കോസ്റ്റ് നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര;

(ഡി) ഒരു വർഷം എല്ലാ താപവൈദ്യുത നിലയങ്ങൾക്കുമായി ഫിക്സഡ് കോസ്റ്റ് ഉൾപ്പെടെ നൽകേണ്ട പ്രവർത്തന ചെലവ് എത്രയാണെന്ന് വെളിപ്പെടുത്താമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) രണ്ട്.

1. കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്, കാസർഗോഡ്.
2. ബി.എസ്.ഇഎസ്. കേരള പവർ ലിമിറ്റഡ്, കൊച്ചി.

(ബി) പവർ പർച്ചേസ് എഗ്രിമെന്റ് അനുസരിച്ച് കാസർഗോഡ് പവർ കോർപ്പറേഷന്റെ (KPCL) മൈലാട്ടിയിലുള്ള നിലയത്തിൽ നിന്നും 143 മില്ല്യൺ യൂണിറ്റ് വൈദ്യുതിയും, ബി.എസ്.ഇ.എസ്., കേരള പവർ ലിമിറ്റഡിന്റെ കൊച്ചിയിലുള്ള നിലയത്തിൽ നിന്നും 1100 മില്യൺ യൂണിറ്റ് വൈദ്യുതിയും പ്രതിവർഷം വാങ്ങേണ്ടതുണ്ട്. ഫിക്സഡ് കോസ്റ്റ് പ്ലാന്റ് ലോഡ് ഫാക്റ്ററിനേയും വിദേശനാണയ വിനിമയ നിരക്കിനേയും ആശ്രയിച്ചിരിക്കുന്നു. വൈദ്യുതി വാങ്ങിയാലും ഇല്ലെങ്കിലും ഫിക്സഡ് കോസ്റ്റ് നൽകേണ്ടതുണ്ട്. ഈ ഇനത്തിൽ കെ.പി.സി.എൽ.-ന് ഉദ്ദേശം 1.5 കോടി രൂപയും, ബി.എസ്.ഇ.എസ്.-ന് ഉദ്ദേശം 10 കോടി രൂപയും പ്രതിമാസം നൽകേണ്ടതുണ്ട്.

(സി) എൻ.ടി.പി.സി.-യുടെ കായംകുളം താപ നിലയത്തിന്റെ മൊത്തം സ്ഥാപിതശേഷിയായ 359.58 മെഗാ വാട്ടിന് പ്രതിമാസം നൽകേണ്ട ഫിക്സഡ് കോസ്റ്റ് 21.652 കോടി രൂപയാണ്. ഈ നിലയത്തിന്റെ ഉൽപ്പാദനശേഷി ഇപ്പോൾ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡും കേരള ഇലക്ട്രിസിറ്റി ബോർഡും തുല്യമായാണ് പങ്കിടുന്നത് എന്നതുകൊണ്ട് മേൽസൂചിപ്പിച്ച ഫിക്സഡ് കോസ്റ്റും തുല്യമായി പങ്കിടുകയാണ്. കൂടാതെ ഈ നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പ്രസരണത്തിനായി PGCIL നിർമ്മിച്ച ട്രാൻസ്മിഷൻ ലൈനുകൾക്കുവേണ്ടി പ്രതിമാസം 2.944 കോടി രൂപയും നൽകേണ്ടതുണ്ട്.

(ഡി) 2003-04-ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് എല്ലാ താപ വൈദ്യുതി നിലയങ്ങൾക്കുമായി ഫിക്സഡ് കോസ്റ്റും വേരിയബിൾ കോസ്റ്റും ഉൾപ്പെടെ ബോർഡ് നൽകേണ്ടി വരുന്ന പ്രവർത്തന ചെലവ് ഏകദേശം 1961.19 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly